## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 669    04.02.2020-ൽ മറുപടിയ്ക്ക്**

**<u>വയനാട് ജില്ലയ്ക്ക് പ്രത്യേക പാക്കേജ്</u>**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.സി.കെ.ശശീന്ദ്രൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| തുടർച്ചയായ പ്രളയവും വിളനാശവും കാരണം വായ്പാ തിരിച്ചടവ് കൃത്യമായി ലഭിക്കാതെ വയനാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ വയനാട് ജില്ലയ്ക്കായി ഒരു പ്രത്യേക പാക്കേജ് നടപ്പിൽ വരുത്തുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കാമോ? | പ്രളയവും വിളനാശവും കാരണം വായ്പ തിരിച്ചടവ് കൃത്യമായി ലഭിക്കാതെ വയനാട് ജില്ല ഉൾപ്പെടെ ഉള്ള എല്ലാ ജില്ലകളിലെയും സഹകരണ സ്ഥാപനങ്ങളിൽ വായ്പാ തിരിച്ചടവ് ത്വരിതപ്പെടുത്തുന്നതിലേക്കായി 2020 ജനുവരി 1 മുതൽ ഫെബ്രുവരി 29 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കുന്നതിലൂടെ കുടിശ്ശികയായിട്ടുള്ള വായ്പകളിൽ തിരിച്ചടവ് വരുന്നതും സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി കുറയുന്നതുമാണ്.<br><br>പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചിട്ടുള്ള സഹകരണ സ്ഥാപനങ്ങൾക്കുള്ള നഷ്ടം നികത്തുന്നതിലേക്കായി സഹകരണ സംഘങ്ങൾക്ക് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായവും അനുവദിച്ചിട്ടുണ്ട്. ജില്ലയിലെ എട്ട് സംഘങ്ങൾക്ക് ഇപ്രകാരം ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br><br>വയനാട് ജില്ലയ്ക്കായി പ്രത്യേക പാക്കേജ് നടപ്പിൽ വരുത്തുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ